പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1498 — 06.03.2018-ലെ മറുപടിക്ക്

## കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്കു വേണ്ടി ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റേയും പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. യാർഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലത്തിന്റെ രൂപരേഖ ഇതുവരെയും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. യാർഡിന്റെയും റോഡിന്റെയും പ്രവൃത്തി ഒരുമിച്ച് മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഡിപ്പോയുമായി ബന്ധപ്പെട്ട റോഡ് ഉൾപ്പെടെയുള്ള ഇതര നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | | |
| (സി) | ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഗ്യാരേജിന്റെയും ഓഫീസ് കെട്ടിടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 1 കോടി 67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | ഇനി എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ഡി) | യാർഡ് നിർമ്മാണം, ബന്ധപ്പെട്ട റോഡിന്റെ നിർമ്മാണം എന്നിവയ്ക്കായി ഏകദേശം 1 കോടി 33 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. |
| (ഇ) | ഡിപ്പോയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഡിപ്പോയുടെ പ്രവർത്തനം ആരംഭിക്കുന്ന തീയതി നിശ്ചയിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**